പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1323

03/12/2018-ൽ
മറുപടിയ്ക്ക്

**നെന്മാറ നിയോജക മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ട സ്കൂളുകൾ**

| ചോദ്യം<br>ശ്രീ.കെ. ബാബു | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നെന്മാറ നിയോജക മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ട സ്കൂളുകളുടെ പ്രവൃത്തി സംബന്ധിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളുടെ പ്രവൃത്തിയാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ; | (എ) നെന്മാറ നിയോജക മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന നെന്മാറ ജി.ബി.എച്ച്.എസിന്റെ നിർമ്മാണ പ്രവർത്തനം 5 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പുരോഗമിച്ചു വരുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിലെ ജിഎച്ച്.എസ്. എസ്. കൊട്ടുവായൂർ, ജിഎച്ച്. എസ്.എസ്. മുതലമട എന്നീ സ്കൂളുകളും നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) എല്ലാ സ്കൂളുകളിലെയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ? | (ബി) നെന്മാറ ജി.ബി.എച്ച്.എസിന് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം പുരോഗമിച്ചു വരുകയും ചെയ്യുന്നു.. ജി.എച്ച്.എസ്.എസ്. കൊട്ടുവായൂരിന് ഭരണാനുമതി നൽകുകയും കിഫ്ബിയുടെ അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജി.എച്ച്.എസ്.എസ്. മുതലമട സ്കൂളിന്റെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. |

Namitha

**സെക്ഷൻ ഓഫീസർ**